# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2345 — 20.06.2012-ൽ മറുപടിയ്ക്ക്

## ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ കർശന നടപടി

ചോദ്യം : ഡോ. കെ. ടി. ജലീൽ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) സംസ്ഥാനത്തെ നദികളും മറ്റ് ജല സ്രോതസ്സുകളും വലിയതോതിൽ മലിനീകരണത്തെ നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവ പുറത്തുവിടുന്ന മാലിന്യങ്ങളാണ് കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ ; | (ബി) തിരിച്ചറിഞ്ഞിട്ടുണ്ട്. |
| (സി) 2009-ൽ ഭേദഗതി ചെയ്ത കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ പ്രകാരം ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ ബന്ധപ്പെട്ട അധികാരികൾ കർശന നടപടി കൈക്കൊള്ളാത്തതാണോ മാലിന്യ പ്രശ്നങ്ങൾ രൂക്ഷമാക്കാൻ കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ ; | (സി) വഴിയോരങ്ങളിലും ജലാശയങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. മാലിന്യം നിക്ഷേപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സംവിധാനങ്ങളില്ലാതെ വഴിയോരങ്ങളിലും ജലാശയങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് 1994 ലെ പഞ്ചായത്ത് രാജ് ആക്ട് 219 എസ്സ് വകുപ്പ് പ്രകാരവും 1994-ലെ കേരള മുൻസിപ്പൽ ആക്ടിലെ 340-)o വകുപ്പിൽ വന്ന ഭേദഗതികൾ പ്രകാരവും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. പൊതു സ്ഥലങ്ങളിലോ വഴിയോരങ്ങളിലോ മാലിന്യം നിക്ഷേപിക്കുന്നവരിൽ നിന്നോ നിക്ഷേപിക്കുവാൻ കാരണമാകുന്നവരിൽ നിന്നോ അപ്പോൾ തന്നെ 500 രൂപയിൽ കുറയാതെയും 2000 രൂപയിൽ കൂടാതെയുമുള്ള പിഴ ഈടാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിക്കോ പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഈ വകുപ്പ് പ്രകാരം അധികാരമുണ്ട്. പ്രസ്തുത പിഴ 15 ദിവസത്തിനുള്ളിൽ ഒടുക്കാതിരുന്നാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടി എടുക്കുന്നതിന് സെക്രട്ടറിമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജലാശയങ്ങളി |

ലേക്കാണ് സെപ്റ്റേജുകൾ ഉൾപ്പെടെയുള്ള മാലിന്യം നിക്ഷേപിക്കുന്നതെങ്കിൽ രൂപ 10,000 ത്തിൽ കുറയാതെയും രൂപ 25,000 ത്തിൽ കൂടാതെയുമുള്ള തുക പിഴയായും 6 മാസം തടവും ഒരുമിച്ച് ശിക്ഷ നൽകുന്നതിന് മുൻസിപ്പൽ പഞ്ചായത്ത് നിയമങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കുറ്റം ജാമ്യമില്ലാ കുറ്റമായിട്ടാണ് പരിഗണിക്കപ്പെടുക. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന വർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യം കടത്തിക്കൊണ്ടു പോകുന്ന വാഹനം പിടിച്ചെടുക്കാനും കണ്ടുകെട്ടാനും മുകളിൽപ്പറഞ്ഞ നിയമ ഭേദഗതി വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു അധികാരം നൽകുന്നുണ്ട്. വ്യവസായ സ്ഥാപനങ്ങളും ആശുപത്രികളും പാർപ്പിട സമുച്ചയങ്ങളും റിസോർട്ടുകളും വലിയ ഹോട്ടലുകളും സൃഷ്ടിക്കുന്ന മലിനീകരണം നിയന്ത്രിക്കാനുള്ള ചുമതലയുള്ളത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണ്. 1974 ലെ ജലമലിനീകരണ (നിയന്ത്രണ നിവാരണ) നിയമം പ്രകാരമാണ് ഇതിനുള്ള നടപടികൾ കൈക്കൊള്ളുന്നത്.

(ഡി) ഇതനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്.

(ഇ) ജലം മലിനമാക്കുന്നവരെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടും നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുമോ ;

(ഇ) ജലമലിനീകരണം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ മലിനീകരണ നിയന്ത്രണ ബോർഡ് അന്വേഷണം നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(എഫ്) കൂടുതൽ മലിനീകരണ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഒരു ഉന്നത ഉദ്യോഗസ്ഥ സംഘം മിന്നൽ പരിശോധന നടത്തുന്നതിനും കുറ്റക്കാർക്കെതിരെ യഥാസ്ഥലത്തു വച്ചുതന്നെ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകുമോ ;

(എഫ്) മലിനീകരണം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ച് അന്വേഷണം നടത്തി നടപടികൾ എടുക്കാറുണ്ട്. ബോർഡിന്റെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്ക് അനുമതി നിഷേധിക്കാൻ കാരണം കാണിക്കൽ നോട്ടീസ്, അടച്ചുപൂട്ടൽ ഉത്തരവ്, വൈദ്യുതി വിച്ഛേദിക്കാൻ ഇലക്ട്രിസിറ്റി ബോർഡിന് നിർദ്ദേശം നൽകുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുക എന്നീ നടപടികൾ സ്വീകരിക്കാറുണ്ട് എന്നല്ലാതെ യഥാസ്ഥലത്ത് വച്ച് തന്നെ നടപടി സ്വീകരിക്കാൻ ബോർഡിന് വ്യവസ്ഥയില്ല. ആവശ്യം വരുന്ന ഘട്ടത്തിൽ ബോർഡിലെ ഉന്നത ഉദ്യോഗസ്ഥർ തന്നെ മലിനീകരണ

(ജി) മലിനീകരണം നടത്തുന്നതായിട്ടുള്ള മാധ്യമ റിപ്പോർട്ടുകൾ പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നത് കൂടുതൽ പ്രയോജന പ്രദമാകുമെന്ന് കരുതുന്നുണ്ടോ ?

പ്രശ്നങ്ങളുള്ള സ്ഥലം സന്ദർശിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്.

(ജി) മാധ്യമ റിപ്പോർട്ടുകൾ പരിശോധിച്ച് ആവശ്യമായ ഘട്ടങ്ങളിൽ സ്ഥലപരിശോധന യുൾപ്പെടെ നടത്തി നിജസ്ഥിതി മനസ്സിലാക്കി നടപടികൾ സ്വീകരിക്കാറുണ്ട്.

സെക്ഷൻ ഓഫീസർ